**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5607

02.07.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതിക്കാരുടെ സാമൂഹ്യപിന്നാക്കാവസ്ഥ

| **ചോദ്യം**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|

| | | | |
|---|---|---|---|
| (എ) | പട്ടികജാതിക്കാരുടെ സാമൂഹ്യപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് ; വിശദാംശം നൽകുമോ; | (എ) | പട്ടികജാതിക്കാരുടെ സാമൂഹ്യ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു<br>1. പഠനമുറി<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടും കൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ സഹായം നൽകുന്നതാണ് ഈ പദ്ധതി.<br>2. വാത്സല്യനിധി<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വിസനത്തിനുമായിട്ടുള്ള ഇൻഷുറൻസ് ലിങ്ക്ഡ് പദ്ധതിയാണ്.<br>3. വർക്കിംഗ് വിമൺസ് ഹോസ്റ്റൽ<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി എല്ലാ ജില്ലകളിലും ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി<br>4. നഴ്സിംഗ് അപ്രന്റിസ്ഷിപ്പ്<br>നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15000/- രൂപ ധനസഹായത്തോടെ താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ടു വർഷത്തേയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി.<br>5. അംബേദ്കർ ഗ്രാമം പദ്ധതി<br>30 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ട കോളനികളിൽ 50 ലക്ഷം രൂപവരെ വികസന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തുന്നതിന് ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>6. ഹെൽത്ത് കെയർ സ്കീം<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള സമഗ്ര ആരോഗ്യസുരക്ഷ പദ്ധതി<br>7. ഭവന പൂർത്തീകരണത്തിന് 1.5 ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിദ്യാഭ്യാസരംഗത്ത് പട്ടികജാതി വിഭാഗങ്ങളുടെ മുന്നേറ്റത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസരംഗത്ത് പട്ടികജാതി വിഭാഗങ്ങളുടെ മുന്നേറ്റത്തിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ചു.<br>2. ലാപ് ടോപ് ധനസഹായം പദ്ധതിയിൽ പുതുതായി Polytechnic, B.Sc Computer Science, MBBS, BAMS, BHMS, BVSC&AH, MBA, B.Arch, M.Sc. Electronics, M.Phil, PhD കോഴ്സുകളെ കൂടി ഉൾപ്പെടുത്തി.<br>3. B.Tech വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുവാൻ റമഡിയൽ കോച്ചിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കി. ടി പദ്ധതി IHRD യുടെ നിയന്ത്രണത്തിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി 2017-18 മുതൽ നടപ്പിലാക്കി വരുന്നു.<br>4. നൃത്ത/സംഗീത വിഷയങ്ങളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകി പദ്ധതി നടപ്പിലാക്കി.<br>5. 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അധ്യയന വർഷാരംഭത്തിലെ വന്ന ചെലവ് കണ്ടെത്തുന്നതിനായി 2000/- രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.<br>6. വിദേശ പഠന ധനസഹായത്തിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കി.<br>7. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവരും ഹോസ്റ്റൽ അന്തേവാസികളുമായവർക്ക് നൽകുന്ന താമസഭക്ഷണചെലവ് 3500/- രൂപയിൽ നിന്നും 4500/- രൂപയായി വർദ്ധിപ്പിച്ചു.<br>8. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഉയർച്ചയ്ക്കായി പഠനമുറി പണിയുന്നതിന് 2 ലക്ഷം രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | 9. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ഐ.റ്റി.ഐ. കെട്ടിടങ്ങൾ പണികഴിപ്പിച്ചിട്ടുണ്ട്. ആധുനിക രീതിയിലുള്ള 3DM Visual Teaching Aid നടപ്പിലാക്കി പോഷകാഹാരം, ഉച്ചഭക്ഷണം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ മോഡൽ റസിഡൻഷ്യൽ കോളേജ് ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (സി) | ഇല്ല. പട്ടികജാതി വകുപ്പ് കുഴൽമന്ദം എം.ആർ.എസ് നോട് അനുബന്ധിച്ച് കോളേജ് ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനായി താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. |
| (ഡി) | പട്ടികജാതി യുവാക്കൾക്ക് സൈന്യത്തിൽ പ്രവേശനം ലഭിക്കുവാൻ പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് നടപ്പിലാക്കിയിട്ടുണ്ടോ; ഇതിലൂടെ കഴിഞ്ഞ രണ്ട് വർഷം എത്രപേർക്ക് വിവിധ സൈനികവിഭാഗങ്ങളിൽ സെലക്ഷൻ കിട്ടി വ്യക്തമാക്കുമോ? | (ഡി) | പട്ടികജാതി യുവതീ യുവാക്കൾക്ക് സൈന്യത്തിൽ പ്രവേശനം ലഭിക്കുന്നതിലേയ്ക്കായി പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. 2017-18 ൽ നടപ്പിലാക്കിയ പദ്ധതിയിലൂടെ സൈന്യത്തിൽ 2 പേർക്കും പോലീസ് സേനയിലേയ്ക്ക് 2 പേർക്കും പ്ലെയിസ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ